(സി) കൃഷി വകുപ്പിൽ 'ആത്മ' പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കു പുറമെ കൃഷി വിജ്ഞാനകേന്ദ്രം, സി.പി.സി.ആർ.ഐ., കൃഷി അനുബന്ധ വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക അവാർഡ് നേടിയ കർഷകർ എന്നിവരെ മാതൃകാ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവർക്ക്വേണ്ട സാങ്കേതിക സഹായം നൽകുന്നതിനുംവേണ്ടി പ്രത്യേക കമ്മിറ്റി (ഫാർമർ റിസർച്ച് കമ്മിറ്റി-FRC) അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൃഷിനാശവും നഷ്ടപരിഹാരവും

167 (4206) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷിനാശം സംഭവിക്കുന്നവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷിനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന കർഷകർക്ക് സൗജന്യമായി വിത്ത് ലഭ്യമാക്കുന്നുണ്ട്.

സമ്പൂർണ്ണ ജൈവ കാർഷിക പദ്ധതി

168 (4207) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) 2012-13-ൽ പ്രഖ്യാപിക്കപ്പെട്ട സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി ഇപ്പോൾ നടത്തിപ്പിന്റെ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ;

(ബി) പദ്ധതി പ്രഖ്യാപിച്ച് മൂന്നേകാൽ വർഷമായിട്ടും ഇതുവരെ എത്രത്തോളം ലക്ഷ്യം കണ്ടിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തെ എന്നത്തേക്ക് ജൈവ-കാർഷിക സംസ്ഥാനമായി മാറ്റാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കാമോ ; പ്രസ്തുത ലക്ഷ്യം നേടാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി വിവിധ ഘട്ടങ്ങളിലായി എന്ത് തുക അനുവദിക്കപ്പെട്ടു എന്നും അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15-ലാണ് സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. ഇപ്പോൾ ഈ പദ്ധതി കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു. 20-60 ശതമാനംവരെ പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ ത്രിതല പഞ്ചായത്തുകളും കൃഷി വകുപ്പും ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി യോഗങ്ങൾ ചേർന്ന് പദ്ധതിനടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ-കാർഷിക സംസ്ഥാനമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതി

169 (4208) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതി ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ പദ്ധതി നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly